**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് – 2008-09 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.7 – ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ (സാധാ) നം.3893/15/തസ്വഭവ. തിരുവനന്തപുരം, തീയതി: 30/12/2015

---

പരാമർശം:-
1) പഞ്ചായത്ത് ഡയറക്ടറുടെ 11/05/2015-ലെ എം3-13004/15 നമ്പർ കത്ത്.
2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 09/09/2015-ലെ നം. എൽ.എഫ്. 7570/പി.റ്റി2/2015 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ചുമതലയില്ലാത്ത ഹൈസ്കൂളിന് വേണ്ടി കുടിവെള്ളപദ്ധതി നടപ്പിലാക്കിയതിനാൽ ചെലവ് തുക 1,49,778/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയും ഓഡിറ്റ് തീരുമാനത്തിന്റെ പകർപ്പും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശ എന്നിവ സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 16-02-2013 ലെ സാധാരണ യോഗത്തിലെ viii(2) തീരുമാനത്തിന്റെയും പാലക്കാട് ജില്ലാ തല ആഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനത്തിന്റെയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഖണ്ഡികയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ് പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും, പഞ്ചായത്ത് ഡയറക്ടറുടെയും പാലക്കാട് ജില്ലാതല ഓഡിറ്റ്

മോണിറ്ററിംഗ് സമിതിയുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ ചിലവ് പൂർണ്ണമായും സാങ്കേതികമാണെന്നതിനാലും പാലക്കാട് ജില്ലയിലെ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.7 പ്രകാരം തടസ്സപ്പെടുത്തിയ 1,49,778/- (ഒരു ലക്ഷത്തി നാല്പത്തിയൊമ്പതിനായിരത്തി എഴുന്നൂറ്റിഎഴുപത്തിയെട്ട് രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാര,

കെ,ആർ.പഴനിയമ്മ

ഡെപ്യൂട്ടി സെക്രട്ടറി,

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്, പാലക്കാട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ